

സ്വാമി ശരണം

കൊല്ലവർഷം 1192 (2017 –2018) ലെ വിവിധ മഹോത്സവങ്ങളുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ അധികാര പരിധിയിൽപ്പെട്ട ദേവസ്വങ്ങളിലെ വിവിധ ഇനങ്ങളുടെ ഇ-ടെൻഡർ .

**(2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിലേയ്ക്ക്)**

## പൊതുനിബന്ധന, സ്പെഷ്യൽ നിബന്ധനകൾ

## പൊതുനിബന്ധന,

1. ടെൻഡറിൽ പങ്കെടുക്കുന്നവർ **http:/etenders.kerala.gov.in** എന്ന ടെൻഡർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ-ടോക്കൺ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതുമാണ്. ഇ-ടോക്കണുകൾ **SIFY/TCS/ncode** തുടങ്ങിയ കേന്ദ്രങ്ങളിൽനിന്നും ലഭ്യമാക്കേണ്ടതാണ്. ഏതെങ്കിലും ഇനം കുത്തക ഏറ്റു നടത്തുവാൻ ആഗ്രഹിക്കുന്നയാൾ ടി. കുത്തകയുമായി ബന്ധപ്പെട്ട സ്ഥലം / ഷെഡ് / കെട്ടിടം നേരിട്ട് ബോദ്ധ്യപ്പെട്ടശേഷം ടെൻഡറിൽ പങ്കെടുക്കേണ്ടതാണ്.

2. ടെൻഡറിൽ പങ്കെടുക്കുന്നവർ 500/- രൂപ രജിസ്ട്രേഷൻ ഫീ ഓൺലൈനായി അയയ്ക്കേണ്ടതാണ്. ടി തുക തിരികെ ലഭിക്കുന്നതല്ല. അപ്രകാരം ഹാജരാക്കാത്തവരേയും, നിരതദ്രവ്യം ഹാജരാക്കാത്തവരേയും, സാധാരണ വ്യവസ്ഥകളനുസരിച്ച് ടെൻഡറിൽ പങ്കെടുക്കുവാൻ യോഗ്യതയില്ലാവരേയും ടെന്ററിൽ ചേരാൻ അനുവദിക്കുന്നതല്ല. മേൽപറഞ്ഞ യോഗ്യതകൾ ഉണ്ടായിരുന്നാലും ടെൻഡറിൽ ഏതെങ്കിലും വ്യക്തിയെ ചേർക്കുകയോ ചേർക്കാതിരിക്കുകയോ ചെയ്യുന്നതിന് ടെൻഡർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ വ്യവസ്ഥകൾ നടപ്പു കോൺട്രാക്ടർമാർക്കും ബാധകമായിരിക്കും. മുൻകൂടിശ്ശികക്കാരേയും, ബ്ലാക്ക് ലിസ്റ്റ് ചെയ്തവരേയും യാതൊരു കാരണവശാലും ടെൻഡറിൽ പങ്കെടുപ്പിക്കുന്നതല്ല. (ഉടമ്പടി വയ്ക്കുന്ന അവസരത്തിൽ ആവശ്യമായ ബാങ്ക് ഗ്യാരന്റി ഹാജരാക്കേണ്ടതാണ്. സോൾവൻസി സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല).

3. മിനിമം കോട്ടുചെയ്യേണ്ട തുക മാനദണ്ഡമാക്കി ലേലത്തുകകളിൽ **15** ലക്ഷം രൂപയ്ക്ക് മുകളിൽ ഉളളവയെ ‘എ’ കാറ്റഗറിയായും, **7** ലക്ഷം രൂപയ്ക്ക് മുകളിൽ **10** ലക്ഷം രൂപാവരെ **‘ബി’** കാറ്റഗറിയായും, **5** ലക്ഷം രൂപയ്ക്കുമുകളിൽ **7** ലക്ഷം രൂപവരെ **‘സി’** കാറ്റഗറിയായും **1** ലക്ഷം മുതൽ **5** ലക്ഷം രൂപവരെ **‘ഡി’** കാറ്റഗറിയായും കുത്തക ഐറ്റങ്ങളെ തരംതിരിച്ചിട്ടുള്ളതാണ്. എല്ലാ കാറ്റഗറിയിലെ ഇ.എം.ഡി. തുകകൾ ടെണ്ടറിനോടൊപ്പം ഓൺ ലൈൻ ആയി സമർപ്പിക്കേണ്ടതാണ്.

ഓരോ കാറ്റഗറിയിലുമുള്ള ഐറ്റങ്ങളുടെ ലേല തുക അടയ്ക്കേണ്ട വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കാറ്റഗറി | 1 -ാം ഗഡു | 2 -ാം ഗഡു | 3 -ാം ഗഡു |
|---|---|---|---|
| | ഇ-ടെന്റർ /ഓപ്പൺ ടെന്റർ / ലേല ദിവസം | 2017 ജൂലായ് 31 നകം | 2017സെപ്റ്റംബർ 30 നകം |
| A | 50 % | 25 % | 25 % |
| B | 50 % | 25 % | 25 % |
| C | 50 % | 50 % | Nil |
| D | 50 % | 50 % | Nil |

4. ഓരോ ഇനത്തിന്റേയും ടെൻഡറുകൾ പരിശോധിച്ച് ആരുടെയെങ്കിലും പേരിൽ ടെൻഡർ സ്ഥിരപ്പെടുത്തുന്നപക്ഷം ടിയാന്റേതൊഴിച്ച് മറ്റുള്ളവരുടെ നിരതദ്രവ്യം ഓൺലൈനായിതന്നെ അവരുടെ അക്കൗണ്ടിൽ തിരികെ നൽകുന്നതാണ്.
5. കുത്തകലഭിക്കുന്ന വ്യക്തി കുത്തക തുകയുടെ ഒന്നാം ഗഡു അന്നേ ദിവസം തന്നെ ഒടുക്കു വരുത്തി കുത്തക അവകാശ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. തുടർന്നുള്ള ഗഡുക്കൾ നിശ്ചിത സമയ പരിധിക്കകം ഒടുക്കുവരുത്താത്ത പക്ഷം കുത്തക അവകാശം റദ്ദു ചെയ്യുന്നതിനോ, റീ ടെൻഡർ ക്ഷണിക്കുന്നതിനോ ഡിപ്പാർട്ട്മെന്റിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
6. ടെൻഡർ സ്വീകരിക്കുന്ന മുറയ്ക്ക് അവരുടെ പേരിൽ കുത്തക അനുവദിച്ച് വരുന്ന വിവരം കക്ഷികളെ തെര്യപ്പെടുത്തുന്നതും അപ്രകാരം കുത്തകാനുവാദം കിട്ടിയാൽ കൃത്യം ഏഴു ദിവസത്തിനകം, മുദ്രപ്പത്രത്തിൽ, ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചിട്ടുള്ള നക്കൽ പ്രകാരം ബന്ധപ്പെട്ട ആഫീസിൽ ഉടമ്പടിവച്ച് കുത്തക നടത്തേണ്ടതുമാകുന്നു.
7. മേൽ വകുപ്പിൽ (5)-ൽ വിവരിക്കുന്ന പ്രകാരം കുത്തക തുക പൂർണ്ണമായി 2017 സെപ്തംബർ 30- നകം ഒടുക്കുവരുത്തുന്നതിന് വീഴ്ച വരുന്ന ടെൻഡറുകാരന്റെ കുത്തക റദ്ദു ചെയ്യുന്നതിനോ ആവർത്തന ലേലം ക്ഷണിക്കുന്നതിനോ ഡിപ്പാർട്ട്മെന്റിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ആയതിൽ വച്ച് ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഒന്നാം കുത്തകക്കാരൻ ഉത്തരവാദി ആയിരിക്കുന്നതാണ്. ആയതിൽ നിന്നും ലാഭമുണ്ടായാൽ കുത്തകക്കാരന് ആയതിന്മേൽ യാതൊരു അവകാശവും ഇല്ലാത്തതാകുന്നു. ദേവസ്വവുമായി നിലവിൽ കേസ്സുകളോ, ദേവസ്വത്തിലേയ്ക്ക് കുടിശ്ശികകളോ ഉള്ളവരെ ആവശ്യമെങ്കിൽ ഡിസ്ക്വാളിഫൈ ചെയ്യുവാനുള്ള അധികാരം ദേവസ്വം ബോർഡിന് ഉണ്ടായിരിക്കുന്നതാണ്.
8. മേൽ 4 വകുപ്പിൽ വിവരിക്കുന്ന പ്രകാരം കൊല്ലവർഷം 1192 ലെ കുത്തകയ്ക്ക് 2016 നവംബർ 30-ാം തീയതിയ്ക്കു മുമ്പായി മുഴുവൻ കുത്തക തുകയും അടയ്ക്കാതെ വീഴ്ച വരുത്തുന്ന ടെൻഡറുകാരന്റെ കുത്തക റദ്ദ് ചെയ്ത് യുക്തമെന്നു തോന്നുന്ന മറ്റു പ്രകാരത്തിലോ ആവർത്തന ടെൻഡർ നടത്തി ആളേർപ്പെടുത്തിയോ, നേരിട്ടോ കുത്തക നടത്തുന്നതിനും അതിൽവച്ചുണ്ടാകുന്ന നഷ്ടത്തിന് ആദ്യടെൻഡറുകാരൻ ഉത്തരവാദിയായിരിക്കുന്നതും ലാഭമുണ്ടായാൽ ആയതിലേക്ക് ടിയാന് അവകാശമില്ലാത്തതുമാകുന്നു.
9. നിശ്ചിത തീയതിയ്ക്കകം കുത്തക തുകകൾ അടച്ചു തീർക്കാതെ വീഴ്ച വരുത്തുന്നവരുടെ കുടിശ്ശിക തുകകൾക്ക് കുത്തകതുകയുടെ ഗഡു അടയ്ക്കേണ്ട അവസാന തീയതി മുതൽ 18 ശതമാനം പലിശ സഹിതം ഈടാക്കുന്നതാണ്. ഇതിൽ വീഴ്ചവരുത്തുന്നവരുടെ പേരിൽ ഡിപ്പാർട്ടുമെന്റിനുണ്ടാകുന്ന എല്ലാവിധ കഷ്ടന

ഷ്ടങ്ങളും ഈടാക്കുന്നതിന് ആവശ്യമായ നിയമ നടപടി സ്വീകരിക്കുന്നതുമാണ്.

10. ടെൻഡർ അവസാനിപ്പിച്ചതിന് ശേഷമോ/കുത്തക അനുവദിച്ചതിന് ശേഷമോ/ ടെന്റർ സ്വീകരിച്ചതിന് ശേഷമോ/ഉടമ്പടി വച്ചതിന് ശേഷമോ ടെന്ററുകാരൻ/കുത്തകക്കാരൻ കുത്തകയിൽ നിന്നു പിൻമാറുന്നതായാൽ ടിയാൻ വച്ചിട്ടുള്ള മുഴുവൻ തുകയും പ്രായശ്ചിത്തമായി ഡിപ്പാർട്ട്മെന്റിലേക്ക് മുതൽകൂട്ടുന്നതും കരാർ റദ്ദു ചെയ്യുന്നതുമാണ്.

11. കുത്തകക്കാരൻ/ടെന്റർകാരൻ ഏതെങ്കിലും തരത്തിൽ കുത്തക മുടക്കുന്നതു മൂലം ഡിപ്പാർട്ട്മെന്റിലേക്ക് ഏതെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം നിയമപ്രകാരമുള്ള നടപടികൾ നടത്തി ടിയാന്റെ സ്ഥാവരജംഗമ വസ്തുക്കളിൽനിന്നും നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.

12. യുക്തമെന്നു തോന്നുന്നപക്ഷം മേൽ വിവരിച്ച കുത്തകയുടെ ടെന്റർ, നിറുത്തിവയ്ക്കുന്നതിന് ടെന്റർ ക്ഷണിക്കുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതും അതിൻമേൽ പരാതിപ്പെടാൻ ടെന്റർകാർക്ക് അവകാശമില്ലാത്തതുമാകുന്നു.

13. കുത്തകക്കാർക്ക്/ടെന്റർകാർക്ക് ഡിപ്പാർട്ട്മെന്റിന്റെ രേഖാമൂലമായ അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറ്റുന്നതിനോ, കീഴ്കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതുമാകുന്നു.

14. ടെൻഡർ സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

15. പരസ്യത്തിലെ എല്ലാ കുത്തകൾക്കുമുള്ള സെക്യൂരിറ്റി തുക കുത്തകയുടെ കാലാവധി കഴിഞ്ഞ് ആക്ഷേപങ്ങളൊന്നുമില്ലാത്തപക്ഷം തിരികെ കൊടുക്കുന്നതായിരിക്കും. എല്ലാ ഐറ്റങ്ങൾക്കും സെക്യൂരിറ്റി തുക നിശ്ചയിച്ചിട്ടുള്ളത് കുത്തകവിവരത്തിൽ അതാത് ഐറ്റത്തിന് നേരെ ചേർത്തിട്ടുള്ളതാണ്.

16. ക്ലീനിംഗ് ബിൽഡിംഗ് സെക്യൂരിറ്റിയിനത്തിൽ അടയ്ക്കേണ്ട തുക ചുവടെ വിവരിക്കും പ്രകാരമായിരിക്കുന്നതാണ്.

| ക്ളീനിങ്ങ് സെക്യൂരിറ്റി | |
|---|---|
| കാറ്റഗറി | തുക രൂപ |
| A | 10,000 |
| B | 5,000 |
| C | 3,000 |
| D | 1000 |

17. കടകൾ നടത്തുന്നതിന് ദേവസ്വത്തിന്റെ ഭൂമിയോ, കെട്ടിടമോ ആവശ്യമായി വരുന്നകുത്തകക്കാർ നിയമാനുസരണം ഉടമ്പടിവെച്ച അറിയിപ്പ് ബന്ധപ്പെട്ട ദേവസ്വം ആഫീസിൽ നിന്നും കിട്ടുന്നമുറയ്ക്ക് പ്രസ്തുത സ്ഥലം കരാറുകാരൻ ബോദ്ധ്യപ്പെട്ട് ഏറ്റുവാങ്ങിയിരിക്കേണ്ടതാണ്

18. കുത്തക്കാർ അവർക്ക് പരമാവധി ഉപയോഗിക്കാവുന്ന സ്ഥലത്തിൽ കവിഞ്ഞ് അധികമായി മറ്റ് യാതൊരു ആവശ്യത്തിനും സ്ഥലം കൈവശം വയ്ക്കുന്നതിന് അനുവാദമില്ലാത്തതാണ്.

19. കുത്തക നടത്തിപ്പിന് ദേവസ്വത്തിൽനിന്ന് സ്ഥലം ആവശ്യമായ എല്ലാ കുത്തക ക്കാരും (നാളികേരം, തറ,കടകൾ, തുടങ്ങിയവയെല്ലാം) അവരവരുടെ പ്രവർത്തന മേഖലയും, പരിസരവും സ്വന്തം ചെലവിൽ വൃത്തിയായും വെടിപ്പായും സൂക്ഷി ക്കേണ്ടതാണ്. ആയത് ബന്ധപെട്ട പൊതുജനാരോഗ്യം/ദേവസ്വം ബോർഡ്ഉദ്യോ ഗസ്ഥന്മാർ സന്ദർശിച്ച് ബോദ്ധ്യപ്പെടുന്നതും, അവരുടെ അതാത് സമയത്തുള്ള നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതുമാണ്.
20. കുത്തകക്കാരൻ തന്റെ കരാർ നടത്തുന്ന വകയിൽ ഉണ്ടാകുന്ന പാഴ്വസ്തുക്കൾ, ചപ്പുചവറുകൾ മറ്റ് മാലിന്യങ്ങൾ മുതലായവ ശേഖരിക്കാൻ ആശ്യമായ ചവറു വീപ്പകൾ സ്വന്തം ചെലവിൽ സ്ഥാപിച്ചിരിക്കേണ്ടതാണ്.
21. കുത്തക നടത്തുന്നതിന് ദേവസ്വത്തിൽനിന്നും അനുവദിക്കുന്ന ഭൂമി/കെട്ടിടം, ഏൽപ്പിക്കുന്ന അതേസ്ഥിതിയിൽ ഉപയോഗിക്കുന്നതിനാണ്. ഈ നിലയ്ക്ക് മാറ്റം അനിവാര്യമാണെങ്കിൽ ഡിപ്പാർട്ട്മെന്റിൽനിന്നും മുൻകൂർ അനുവാദം വാങ്ങി സ്വന്തം ചെലവിൽ ചെയ്യേണ്ടതും കാലാവധിക്കുശേഷം ഡിപ്പാർട്ട് മെന്റിൽനിന്നും നിർദ്ദേശിക്കുന്ന പക്ഷം പഴയ നിലയിലാക്കി തിരിച്ചേൽപ്പിക്കേണ്ടതുമാണ്.
22. കരാർ വ്യവസ്ഥ ലംഘിക്കുന്ന കുത്തകക്കാരെ അപ്പോൾത്തന്നെ കുത്തക അവ സാനിപ്പിക്കുന്നതിനും ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണമായ അധികാരമുണ്ടായിരിക്കുന്നതും ആയതിന് യാതൊരു നഷ്ടപരിഹാ രവും ആവശ്യപ്പെടാൻ കരാറുകാരന് അവകാശമില്ലാത്തതുമാകുന്നു.
23. ദേവസ്വം ഉദ്യോഗസ്ഥരുടെ കാലാകാലങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ എല്ലാ കുത്തകക്കാരും ബാദ്ധ്യസ്ഥരാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവ രുടെയും, ദേവസ്വത്തിന് ഹാനികരമായ എന്തെങ്കിലും പ്രവൃത്തിയിൽ ഏർപ്പെടു ന്നവരുടേയും കുത്തക താൽക്കാലികമായോ സ്ഥിരമായോ റദ്ദ് ചെയ്യുന്നതിന് ബോർഡിന് പൂർണ്ണ അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.
24. സർക്കാരും ബോർഡും നിശ്ചയിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ട താണ്.
25. കുത്തകകൾ ഏറ്റെടുക്കുന്നവരുടെ നടപടികൾ നിമിത്തം ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമായോ പരിസ്ഥിതിക്ക് ദോഷകരമായോ ഭക്തരെ ചൂഷണം ചെയ്യുന്നവിധത്തിലൊ എന്തെങ്കിലും പ്രവർത്തനം ഉണ്ടാകുന്നപക്ഷം അവരുടെ കുത്തക അറിയിപ്പ് കൂടാതെ ഉടനടി റദ്ദുചെയ്യുന്നതിനും നിയമ നടപടി സ്വീകരിക്കുന്നതിനും ദേവസ്വം കമ്മീഷണർക്കും, ദേവസ്വം ബോർഡിനും അധി കാരം ഉണ്ടായിരിക്കുന്നതാണ്.
26. കുത്തക സംബന്ധിച്ച് സർക്കാരിലേയ്ക്ക് എന്തെങ്കിലും നികുതി കൊടുക്കേണ്ടതു ണ്ടായിരുന്നാൽ കുത്തകക്കാരൻ ടി നികുതി നേരിട്ട് കൊടുക്കുന്നതിന് ബാദ്ധ്യ സ്ഥനാണ്.
27. കുത്തക ലഭിക്കുന്നവരുടെ ഇ.എം.ഡി തുകകൾ കുത്തക കാലാവധിയ്ക്ക് ശേഷം അതത് ഉദ്യോഗസ്ഥറിൽ നിന്നും ബാദ്ധ്യത ഇല്ലായെന്നുള്ള സർട്ടിഫിക്കറ്റ് ലഭിക്കു ന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.
28. ഇ.എം.ഡി ഇനത്തിൽ കെട്ടി വയ്ക്കുന്ന തുക ടെൻഡറിൽ ക്വാട്ട് ചെയ്യുന്ന തുക യുമായി യാതൊരു കാരണവാശലും പരിഗണിക്കുന്നതില്ല. ടെൻഡർ ലഭിക്കുന്ന വരുടെ ഇ.എം.ഡി. തുക കുത്തക കാലാവധിയ്ക്ക് ശേഷം മാത്രമേ തിരികെ നൽ കുകയുള്ളൂ.

## <u>സ്പെഷ്യൽ നിബന്ധനകൾ</u>

### I. നാളീകേര കുത്തക

1) നാളീകേരക്കൂട്ടിൽ ഉടയ്ക്കുന്ന നാളീകേരം അപ്പപ്പോൾ നീക്കം ചെയ്യേണ്ട താണ്.

2) ദേവസ്വം ഉദ്യോഗസ്ഥർ നിർദേശിക്കുന്ന സ്ഥലങ്ങളിൽ വച്ചുമാത്രമേ നാളീ കേരം വിൽപ്പന നടത്തുവാൻ പാടുള്ളൂ.

3) വിൽപ്പന നടത്തുന്ന നാളീകേരത്തിന്റെ വില വിവിധ ഭാഷകളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

4) നിശ്ചിത സമയപരിധിക്കുള്ളിൽ നീക്കം ചെയ്യാത്ത വകകൾ ഡിപ്പാർട്ട്മെന്റ് മുതൽകൂട്ടുകയും ആയതിന് കരാറുകാരന് അവകാശം ഇല്ലാത്തതുമാണ്.

5) കരാർ നടത്തിപ്പിന് ഡിപ്പാർട്ട്മെന്റ് കെട്ടിടം ലഭ്യമാക്കുന്നതല്ല.

## II. വെടി കുത്തക

1) വെടി ഒന്നിന് പത്തു രൂപയിൽ നിരക്കിൽ കൂടുതൽ ലേലക്കാരനോ ടിയാന്റെ ആൾക്കാരോ വാങ്ങുവാൻ പാടുള്ളതല്ല. ആയതിന്റെ വിവരം പ്രദർശിപ്പിക്കേണ്ടതും അതിനു വിപരീതമായി കൂടുതൽ തുക വാങ്ങുന്ന പക്ഷം ആയത് ദേവസ്വം ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനും കുത്തക റദ്ദ് ചെയ്യുന്നതിനും ഡിപ്പാർട്ടുമെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

2) വെടി വഴിപാട് നടത്തുന്നതുമൂലം ഭക്തർക്ക് യാതൊരു അസൗകര്യവും ഉണ്ടാകാൻ പാടില്ലാത്തതും ഏതെങ്കിലും തരത്തിൽ ഡിപ്പാർട്ടുമെന്റിനോ ഭക്തർക്കോ മറ്റാർക്കെങ്കിലും നഷ്ടം ഉണ്ടാകുന്നപക്ഷം ഡിപ്പാർട്ടുമെന്റ് നിശ്ചയിക്കുന്ന നഷ്ടം കുത്തകക്കാരൻ കെട്ടി വയ്ക്കാൻ ബാദ്ധ്യസ്ഥനാണ്.

3) വെടി വഴിപാട് നടത്തിപ്പിനായി ഗൺപൗഡർ ഫാക്ടറിയുടെയും സ്റ്റോറേജിന്റെയും ലൈസൻസ് ദേവസ്വം ഉദ്ദ്യോഗസ്ഥരുടെ പേരി ലായിരിക്കും. കൂടുതലായി വേണ്ടിവരുന്ന ലൈസൻസും, വെടിവഴിപാട് നടത്തുന്നതിലേക്കുള്ള LE3(b) ലൈസൻസും കുത്തകക്കാരൻ സ്വന്തം ചെലവിൽ എടുത്തിരിക്കേണ്ടതും, എക്സ്പ്ലോസീവ് ആക്ടിലേയും റൂളിലേയും ലൈസൻ സിലേയും വ്യവസ്ഥകൾ അനുസരിച്ച് വെടിമരുന്ന് ഉണ്ടാക്കുക, സൂക്ഷിക്കുക, പ്രയോഗിക്കുക തുടങ്ങിയ ജോലികൾ അതിലേക്കായി പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള വെടിമരുന്നുശാലയിൽ വച്ചുമാത്രം നടത്തേണ്ടതും അല്ലാതെയുള്ള കെട്ടിടമോ സ്ഥലമോ യാതൊരു കാരണവശാലും ഉപയോഗിക്കാൻ പാടില്ലാത്തതും 1984-ലെ ഇന്ത്യൻ എക്സ്പ്ലോസീവ് ആക്ടിലെയും 2008 ലെ എക്സ്പ്ലോസീവ് റൂൾസിലേയും വ്യവസ്ഥകൾ അതേപടി പാലിക്കുന്നതിനും കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ഏതെങ്കിലും വ്യത്യസ്തമായി കണ്ടാൽ കുത്തക റദ്ദ് ചെയ്തു വേറെ ആളിനെ ഏർപ്പെടുത്തിയോ ഡിപ്പാർട്ട്മെന്റ് ചുമതലയിലോ വെടി വഴിപാട് നടത്തുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരമുണ്ടായിരിക്കുന്നതും അതിനെ ചോദ്യം ചെയ്യുന്നതിന് കുത്തകക്കാരന് അവകാശം ഇല്ലാത്തതുമാകുന്നു. പ്രസ്തുത ആക്ടിലേയും റൂൾസിലേയും വ്യവസ്ഥകൾ അനുസരിച്ച് ഇതര നടപടികൾക്ക് കുത്തകക്കാരൻ ബാദ്ധ്യസ്ഥനാണ്. ഡിപ്പാർട്ടുമെന്റിൽ നിന്നും നിയോഗിക്കുന്ന ഉദ്ദ്യോഗസ്ഥൻ ആവശ്യമെന്നു കണ്ടാൽ വെടിമരുന്നു സ്റ്റോക്ക് മുതലായ കുത്തകക്കാരൻ ചെയ്തിട്ടുള്ള എല്ലാ ഏർപ്പാടുകളും പരിശോധിക്കുന്നതിനും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതും അതിനുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തികൊടുക്കുന്നതിന് കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

4) കുത്തക സംബന്ധിച്ച് സർക്കാരിലേയ്ക്ക് എന്തെങ്കിലും നികുതി കൊടുക്കേണ്ടതുണ്ടായിരുന്നാൽ കുത്തകക്കാരൻ ടി നികുതി നേരിട്ട് കൊടുക്കുന്നതിന് ബാദ്ധ്യസ്ഥനാണ്.

5) കുത്തകക്കാരൻ നിയോഗിക്കുന്ന തൊഴിലാളികൾ വെടിമരുന്നു നിർമ്മിക്കാനും പ്രയോഗിക്കാനും പ്രാവീണ്യവും പരിചയവും സിദ്ധിച്ചവരായിരിക്കേണ്ടതാണ്.

ആയത് കൺട്രോളർ ഓഫ് എക്സ്പ്ലോസീവിനെ ബോദ്ധ്യപ്പെടുത്താൻ സന്നദ്ധനുമായിരിക്കണം.

6) കുത്തകക്കാർ നിയോഗിക്കുന്ന തൊഴിലാളികളുടെ പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തിയ ലിസ്റ്റും, ഓരോ പാസ്പോർട്ട് സൈസ് ഫോട്ടോയും ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ആഫീസർ / സബ്ഗ്രൂപ്പാഫീസറെ ഏൽപ്പിച്ച് തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡ് സമ്പാദിച്ചുകൊള്ളേണ്ടതാണ്. ഐഡന്റിറ്റി കാർഡ് ഇല്ലാത്ത യാതൊരു തൊഴിലാളികൾക്കും വെടിമരുന്നുശാലയ്ക്കുള്ളിലോ പരിസരത്തോ പ്രവേശനത്തിന് അധീകരമില്ലാത്തതാകുന്നു.

7) കുത്തകക്കാരൻ സ്വന്തം ചെലവിൽ തൊഴിലാളികളെ ഇൻഷ്വർ ചെയ്യേണ്ടതും അവരുടെ എല്ലാ വിധത്തിലുള്ള പൂർണ്ണ ഉത്തരവാദിത്വം കുത്തകക്കാരനിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

## V നേർച്ച സാധനങ്ങളുടെ കുത്തക

ഭക്തർക്ക് നടയ്ക്ക് വയ്ക്കുന്നതിനുള്ള സ്വർണ്ണത്തിലും വെള്ളിയിലുമുള്ള ആൾരൂപം, കാല്, കയ്യ്, കണ്ണ് മുതലായ നേർച്ചരൂപങ്ങളും, ഓട്, പിത്തള, വെള്ളി വിളക്കുകൾ, മണി, ലോക്കറ്റുകൾ, മാല പെന്റന്റ്, മോതിരം മുതലായ ആഭരണങ്ങളും കൂടാതെ സ്വർണ്ണം, വെള്ളി എന്നിവയിൽ ഏതെങ്കിലുമൊന്നുകൊണ്ടു പൊതിഞ്ഞതും, രുദ്രാക്ഷം, തുളസി, വിലപിടിപ്പുള്ള കല്ലുകൾ എന്നിവയിൽ നിർമ്മിച്ചതുമായ മാലയും മറ്റാഭരണങ്ങളും, കർപ്പൂരത്തട്ടം, കിണ്ണം എന്നിവ ഉണ്ടാക്കികൊണ്ടുവന്ന് ഡിപ്പാർട്ടുമെന്റിൽനിന്നും നിർദ്ദേശിക്കുന്ന സ്ഥലത്തുവച്ച് വിൽപ്പന നടത്തുന്നതിന് കുത്തകക്കാരന് അവകാശമുള്ളതാകുന്നു. ഇതിലേക്കാവശ്യമായ ലൈസൻസ് സ്വന്തം ഉത്തരവാദിത്വത്തിൽ ബന്ധപ്പെട്ട അധികാരികളിൽനിന്നു വാങ്ങി കുത്തകക്കാരൻ/ടെന്റർകാരൻ സൂക്ഷിച്ചുകൊള്ളേണ്ടതും, ആവശ്യപ്പെടുന്നപക്ഷം ഹാജരാക്കേണ്ടതുമാണ്. സ്വർണ്ണം 14 ക്യാരറ്റിലും, വെള്ളി 8 ക്യാരറ്റിലും കുറയാൻ പാടില്ലാത്തതും, ടി സാധനം കുത്തകക്കാരനോടിയാൻ അധികാരപ്പെടുത്തുന്ന ആളുകളോ അല്ലാതെ മറ്റ് യാതൊരുത്തരും വിൽപ്പന നടത്തുവാൻ പാടില്ലാത്തതും, അനധികൃതമായി വിൽപ്പന നടത്തുന്നവരിൽനിന്നും ആ വക സാധനങ്ങൾ പിടിച്ചെടുത്ത് ഡിപ്പാർട്ടുമെന്റിലേയ്ക്ക് മുതൽ കൂട്ടുന്നതുമാകുന്നു. സ്വർണ്ണംകൊണ്ടും, വെള്ളികൊണ്ടും നിർമ്മിച്ചിട്ടുള്ള നേർച്ച ഉരുപ്പടികളും മറ്റും നിബന്ധന അനുസരിച്ചുള്ളതാണോ എന്ന് പരിശോധിക്കുന്നതിന് ഡിപ്പാർട്ടുമെന്റിന് അവകാശമുണ്ടായിരിക്കുന്നതും, നിബന്ധന അനുസരിച്ചുള്ളതല്ലെന്ന് ബോദ്ധ്യം വരുന്നപക്ഷം ക്രിമിനൽ നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ നടത്തുന്നതിനും ഉരുപ്പടികൾ സ്ഥലത്തുനിന്നും നീക്കം ചെയ്യുന്നതിനും ഡിപ്പാർട്ടുമെന്റിന് അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

## പൂമാലകെട്ടി വിൽക്കുന്നതിനുള്ള അവകാശം, പൂജാ തട്ട്, മുതലായവ

1. _ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ നിഷ്ക്കർഷിക്കുന്ന സ്ഥലത്ത് സ്റ്റാൾ കെട്ടി അവകാശം നടത്തേണ്ടതാണ്.

2. സ്റ്റാളിൽ വിൽപ്പന നടത്തുന്ന പൂജാദ്രവ്യങ്ങളുടെ വിവരങ്ങൾ പ്രത്യേക വിലവിവരപ്പട്ടിക തയ്യാറാക്കി പ്രദർശിപ്പിക്കേണ്ടതാണ്.

3. സ്റ്റാളുകളിൽ എ ഗ്രേഡ് ഉത്പന്നങ്ങൾ മാത്രമേ വിൽപ്പന നടത്തുവാൻ പാടുള്ളൂ ആയതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ആക്ഷേപങ്ങളിൽ വാസ്തവം ഉണ്ടെന്ന് കാണുന്നപക്ഷം കുത്തക റദ്ദു ചെയ്യുന്നതിനോ, പുനർ ലേലം നടത്തുന്നതിനോ ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്

- **ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ അധികാര പരിധിയിൽപ്പെട്ട ദേവസ്വങ്ങളിലെ വിവിധ ഇനങ്ങളുടെ ഇ-ടെൻഡർ .**

| ഹരിപ്പാട് | | | | |
|---|---|---|---|---|
| ഗ്രൂപ്പ് | ദേവസ്വം | ഇനം | മിനിമം കരാർ തുക | ഇ.എം.ഡി |
| മാവേലിക്കര | ചെട്ടിക്കുളങ്ങര | 1.എണ്ണ തിരി കർപ്പൂരം എന്നീ പൂജ സാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശ | 40,00,000/- | 360000/- |
| | | 2.സ്വർണ്ണം,വെള്ളി,ആൾരൂപങ്ങൾ വിളക്ക് മണി എന്നിവ വിൽക്കുന്നതിനുള്ള അവകാശം | 553000/- | 55000/- |
| | | 3.തുലാഭാരം തൂക്കിവരവുള്ള പഴക്കുല വിൽക്കുന്നതിനുള്ള അവകാശം. | 12,20,000/- | 115000/- |
| | | 4.പട്ടുടയാട വിൽക്കുന്നതിനുള്ള അവകാശം | 1445000/- | 135000/- |
| | | 5.പൂമാലകെട്ടിവിൽക്കുന്നതിനുള്ള അവകാശം | 2870000/- | 265000/- |
| | | 6.കുറ്റിവെടി വയ്യക്കുന്നതിനുള്ള അവകാശം | 2200000/- | 195000/- |
| | കണ്ടിയൂർ | 1.എണ്ണ,സാമ്പ്രാണി,നെയ്യ്,പനിനീർ എന്നീ പൂജാ സാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 625000/- | 60000/- |
| | പുതിയിടം | എണ്ണ,തിരി,കർപ്പൂരം പൂജാ സാധനങ്ങൾ വിൽക്കു ന്നതിനുള്ള അവകാശം | 395000/- | 36000/- |
| ഹരിപ്പാട് | ഹരിപ്പാട് | 1.നാരങ്ങാമാല വിൽക്കുന്നതിനുള്ള അവകാശം | 1882100/- | 175000/- |
| | | 2.എണ്ണ,തിരി,കർപ്പൂരംപനിനീർ, സാ മ്പ്രാണി എന്നീപൂജാസാധനങ്ങൾവിൽക്കുന്നതിനുള്ള അവകാശം | 2546500/- | 235000/- |
| | | പൂമാലകെട്ടി വിൽക്കുന്നതിനുള്ള അവകാശം | 365000/- | 37000/- |
| | കാഞ്ഞൂർ | എണ്ണ, തിരി,കർപ്പൂരം എന്നീ പൂജാ സാധന ങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 1149000/- | 105000/- |
| അമ്പലപ്പുഴ | അമ്പലപ്പുഴ | .എണ്ണ, തിരി, കർപ്പൂരം എന്നീ പൂജാ സാധന ങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 4156000/- | 400000/- |
| | ഓച്ചിറ | നീരാഞ്ജനശി ഷ്ടം,നാളീകേരം എടുക്കുന്നതിനുള്ള അവകാശം | 675000/- | 62000/- |

| | | | | |
|---|---|---|---|---|
| കരുനാഗപ്പള്ളി | പടനായർ കുളങ്ങര | എണ്ണ, തിരി,കർപ്പൂ രംസാമ്പ്രാണി,നെയ്യ് എന്നീ പൂജാ സാധന ങ്ങൾ വിൽക്കുന്ന തിനുള്ള അവകാശം | 338250 | 30750 |
| **വൈക്കം** | | | | |
| വൈക്കം | വൈക്കം | പൂജാദ്രവ്യങ്ങൾ | 59,53,200/- | 6,00,000/- |
| | | മാലകെട്ടിവിൽക്കുന്നതിനുള്ള അവകാശം | 15,45,500/- | 1,55,000/- |
| | കൃഷ്ണൻകോവി ൽ | പൂജാദ്രവ്യങ്ങൾ | 3,82,140/- | 38,300/- |
| കോട്ടയം | തുറവൂർ | പൂജാദ്രവ്യങ്ങൾ | 6,53,950/- | 65,000/- |
| | തിരുനക്കര | പൂജാദ്രവ്യങ്ങൾ | 21,12,000/- | 22,000/- |
| | തിരുനക്കര | നാളീകേരശിഷ്ടം | 8,36,000/- | 84,000/- |
| | പാക്കിൽ | പൂജാദ്രവ്യങ്ങൾ | 6,87,610/- | 69,000/- |
| | തിരുവാർപ്പ് | പൂജാദ്രവ്യങ്ങൾ | 4,16,918/- | 42,000/- |
| ഏറ്റുമാനൂർ | ഏറ്റുമാനൂർ | പൂജാദ്രവ്യങ്ങൾ | 90,38,700/- | 9,03,800/- |
| | ഏറ്റുമാനൂർ | സ്വർണ്ണം,വെള്ളി | 18,89,910/- | 1,88,900/- |
| | കടുത്തുരുത്തി | പൂജാദ്രവ്യങ്ങൾ | 5,74,317/- | 57,500/- |
| | ആർപ്പൂക്കര | പൂജാദ്രവ്യങ്ങൾ | 4,45,500/- | 44,500/- |
| തൃക്കാരിയൂർ | പി.ഡി. പെരുമ്പാവൂർ | പൂജാദ്രവ്യങ്ങൾ | 15,15,555/- | 1,51,600/- |
| | പി.ഡി.കാരിക്കോട് | പൂജാദ്രവ്യങ്ങൾ | 3,54,200/- | 35,500/- |
| പറവൂർ | കണ്ണൻകുളങ്ങര | പൂജാദ്രവ്യങ്ങൾ | 8,27,200/- | 82,720/- |
| | പെരുവാരം | പൂജാദ്രവ്യങ്ങൾ | 4,73,000/- | 47,300/- |
| | പെരുവാരം | മാലകെട്ടി വിൽക്കു ന്നതിനുള്ള അവകാശം | 3,31,222/- | 33122/- |
| | തൃക്കാക്കര | പൂജാദ്രവ്യങ്ങൾ | 7,92,000/- | 79,200/- |
| | തൃക്കാക്കരവാമന മൂർത്തീ നട | മാലകെട്ടി വിൽക്കു ന്നതിനുള്ള അവകാശം | 4,29,012 | 42,901/- |
| | തൃക്കാക്കര ശിവൻ നട | മാലകെട്ടി വിൽക്കു ന്നതിനുള്ള അവകാശം | 3,35,000/- | 33,600/- |
| | തൃക്കാക്കര പാട്ടുപുരക്കാവ് | എണ്ണ,കർപ്പൂരം,ചന്ദനത്തിരി | 3,05,000/- | 31,000/- |
| | ആലുവ മഹാദേവർ | പൂജാദ്രവ്യങ്ങൾ | 16,50,110/- | 1,65,012/- |
| | ആലുവ മഹാദേവർ | മാലകെട്ടി വിൽക്കു ന്നതിനുള്ള അവകാശം | 4,56,500/- | 45,650/- |
| | മൂകാംബി | പൂജാദ്രവ്യങ്ങൾ | 10,55,999/- | 1,05,600/- |
| | മൂകാംബി | മൂകാംബി മാലകെട്ടി വിൽക്കുന്നതിനുള്ള അവകാശം | 4,62,110/- | 46,211/- |
| | | | | |

| പത്തനംതിട്ട | | | | |
|---|---|---|---|---|
| | ചെങ്ങന്നൂർ | എണ്ണ, തിരി,കർപ്പൂരം സാമ്പ്രാണി,നെയ്യ് എന്നീ പൂജാ സാധന ങ്ങൾ വിൽക്കുന്ന തിനുള്ള അവകാശം | 16,55,500/- | 1,65,000/- |
| | | മാലകെട്ടി വിൽക്കു ന്നതിനുള്ള അവകാശം | 4,18,000/- | 41,800/- |
| ആറന്മുള | മലയാലപ്പുഴ | 1)എണ്ണ, തിരി,കർപ്പൂ രംസാമ്പ്രാണി,നെയ്യ് എന്നീ പൂജാ സാധന ങ്ങൾ വിൽക്കുന്ന തിനുള്ള അവകാശം | 39,11,051- | 3,90,000/- |
| | | 2) പറത്തിവിടുന്ന കോഴിയെ എടുക്കു ന്നതിനും വിൽക്കു ന്നതിനുമുള്ള അവകാശം | 28,37,989/- | 2,80,000/ |
| | | 3)പൂമാലകെട്ടിവിൽക്കുന്നതിനു ള്ള അവകാശം | 13,20,006/- | 1,32,000/- |
| | | 4)മഞ്ചാടിക്കുരുവിൽക്കുന്നതിനു ള്ള അവകാശം | 25,30,111/- | 2,53,000/- |
| | | 5)സ്വർണ്ണം,വെള്ളി വകകൾ വിൽക്കുന്നതിനുള്ള അവകാശം | 3,91,711/-- | 39,000/- |
| | | 6)മലനടയിൽവെറ്റ,പാക്ക്,നാളീ കേരം എന്നിവ വിൽക്കുന്നതിനും,വെറ്റപാക്ക് എന്നിവതിരികെഎടുക്കുന്നതിനു മുള്ള അവകാശം | 3,36,132/- | 36,000/- |
| | ആറന്മുള | എണ്ണ,തിരി,കർപ്പൂരംസാമ്പ്രാണി, നെയ്യ് എന്നീ പൂജാ സാധന ങ്ങൾ വിൽക്കുന്ന തിനുള്ള അവകാശം | 19,83,026/- | 1,98,000/- |
| | കവിയൂർ | എണ്ണ, തിരി,കർപ്പൂരം സാമ്പ്രാണി,നെയ്യ് എന്നീ പൂജാ സാധന ങ്ങൾ വിൽക്കുന്ന തിനുള്ള അവകാശം | 10,02,955/- | 1,02,000/- |
| | | പൂമാലകെട്ടിവിൽക്കുന്നതിനുള്ള അവകാശം | 6,76,720/- | 67,000/- |
| തിരുവല്ല | തിരുവല്ല | എണ്ണ, തിരി,കർപ്പൂരം സാമ്പ്രാണി,നെയ്യ് എന്നീ പൂജാ സാധന ങ്ങൾ വിൽക്കുന്ന തിനുള്ള അവകാശം | 5,98,137 /- | 59,000/- |
| | | പൂമാലകെട്ടി വിൽക്കുന്നതിനുള്ള അവകാശം | 7,82,320/- | 78,000/- |
| | കുന്നന്താനം | എണ്ണ, തിരി,കർപ്പൂരം സാമ്പ്രാണി,നെയ്യ് എന്നീ പൂജാ സാധന ങ്ങൾ വിൽക്കുന്ന തിനുള്ള അവകാശം | 5,23,282/- | 52,000/- |
| | അഗസ്ത്യകോട് | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനും പൂമാലകെട്ടി വിൽക്കുന്നതിനുമ്മുള്ള അവകാശം | 5,62,223/- | 56,250/- |
| | പുതിയിടം | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനും പൂമാലകെട്ടി | 2,06,261/- | 20,626/- |

| | | | | |
|---|---|---|---|---|
| പുനലൂർ | | വിൽക്കുന്നതിനുമ്മുള്ള അവകാശം | | |
| | കുളത്തൂപ്പുഴ | മീനൂട്ട് വഴിപാട് | 5,59,999/- | 56,000/- |
| | കമുകുംചേരി | എണ്ണ, തിരി,കർപ്പൂരം സാമ്പ്രാണി,നെയ്യ് എന്നീ പൂജാ സാധന ങ്ങൾ വിൽക്കുന്ന തിനുള്ള അവകാശം | 1,17,451/- | 12,000/- |
| കൊട്ടാരക്കര | പി.ഡി.പട്ടാഴി | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 4,40,001/- | 44000/- |
| | | പൂമാലകെട്ടി വിൽക്കുന്നതിനുമ്മുള്ള അവകാശം | 3,30,001/- | 33000/- |
| | പി.ഡി.അറയ് ക്കൽ | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശംപൂമാലകെട്ടി വിൽക്കുന്നതിനും കോഴി, പട്ട് എന്നിവ വിൽക്കുന്നതിനുള്ള അവകാശം | 7,45,836/- | 74,000/- |
| | പി.ഡി.മണികണ് ഠേശ്വരം | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 58,30,000/- | 5,80,000/- |

| | | | | |
|---|---|---|---|---|
| | | ഉടയ്ക്കുന്ന നാളികേരവും, നീരാഞ്ജനശിഷ്ടം നാളികേരവും എടുക്കുന്നതിനുള്ള അവകാശം | 64,35001/- | 6,40,000/- |
| | കൊട്ടാരക്കര | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനു പൂമാലകെട്ടി വിൽക്കു ന്നതിനുമുള്ള അവകാശം | 4,67,500/- | 46,000/- |
| | അടൂർ | എണ്ണ,തിരി,കർപ്പൂരം പൂജാസാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 2,24,620/- | 22,000/- |
| മുണ്ടക്കയം | മേജർ എരുമേലി | എണ്ണ,കർപ്പൂരം,സാ ബ്രാണി തിരി വിൽക്കു ന്നതിനുള്ള അവകാശം | 2,75,000 | 28,000 |
| | ചിറക്കടവ് | എണ്ണ,കർപ്പൂരം,സാ ബ്രാണി തിരി വിൽക്കു ന്നതിനുള്ള അവകാശം | 22,01,710 | 2,20,000 |
| | കൊടുങ്ങൂർ | എണ്ണ,കർപ്പൂരം,സാ ബ്രാണി തിരി വിൽക്കു ന്നതിനുള്ള അവകാശം | 4,40,000 | 45,000 |
| | മൈനർ വെട്ടിക്കാട് | എണ്ണ,കർപ്പൂരം,സാ ബ്രാണി തിരി വിൽക്കു ന്നതിനുള്ള അവകാശം | 2,20,221 | 23,000 |
| | ചെറുവള്ളി | എണ്ണ,കർപ്പൂരം,സാ ബ്രാണി തിരി വിൽക്കു ന്നതിനുള്ള അവകാശം | 4,95,000 | 50,000 |
| | വള്ളിയാംകാവ് | എണ്ണ,കർപ്പൂരം,സാ ബ്രാണി തിരി വിൽക്കു ന്നതിനുള്ള അവകാശം | 8,80,238 | 88,000 |
| | തിടനാട് | എണ്ണ,കർപ്പൂരം,സാ ബ്രാണി തിരി വിൽക്കു ന്നതിനുള്ള അവകാശം | 2,90,950 | 30,000 |
| | മൈനർവട്ടക്കാവ് | എണ്ണ,കർപ്പൂരം,സാ ബ്രാണി തിരി വിൽക്കു ന്നതിനുള്ള അവകാശം | 1,26,502 | 13,000 |
| | വള്ളിയാംകാവ് | നടവരവായി ലഭി ക്കുന്ന കോഴിക ളെഎടുക്കുന്നതിനുള്ള അവകാശം | 1,82,930 | 20000 |
| | വള്ളിയാംകാവ് | നടയിൽ അടിക്കുന്ന നാളികേരം എടുക്കു ന്നതിനുള്ളഅവകാശം | 1,69,620 | 17000 |

# *തിരുവനന്തപുരം.*

| | | | | |
|---|---|---|---|---|
| നെയ്യാറ്റിൻകര | നെയ്യാറ്റിൻകര | പൂജാസാധനങ്ങൾ (നീരാജ്ജനം കത്തി ക്കുന്നത് ഒഴികെ) | 6,82,000 | 62,000 |
| | വെള്ളായണി | പൂജാസാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 7,42,633 | 75,000 |
| | മലയിൻകീഴ് | പൂജാസാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 3,35,500/- | 35,000 |
| | | എണ്ണവിൽക്കുന്നതിനു ള്ള അവകാശം | 4,13,600/- | 42,000 |
| തിരുവനന്തപുരം | ശ്രീകണ്ഠേശ്വരം | നെയ്യ്,പൂവ്,തിരി,പൂജാ സാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 8,36,000 | 85,000 |
| | ശ്രീകണ്ഠേശ്വരം | വാടാവിളക്കെണ്ണ വിൽക്കുന്നതിനുള്ള അവകാശം | 11,55,000 | 1.16.000 |
| | ചെങ്കള്ളൂർ | പൂജാസാധനങ്ങൾ,തുള സി,കൂവളം,തമാര, റോസ്, മുല്ല പിച്ചി,എരുക്ക് എന്നീ പുഷ്പങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 7,70,551 | 78,000 |
| | കുശക്കോട് | പൂജാസാധനങ്ങൾ,പു ഷ്പങ്ങൾ,കൂവളമാല കെട്ടിവിൽക്കുന്നതിനു ള്ള അവകാശം | 10,18,662 | 1,02,000 |
| | തളിയൽ | പൂജാസാധനങ്ങളും, പുഷ്പങ്ങളും (നീരാജ്ജന കത്തി ക്കുന്ന സാധനങ്ങൾ ഒഴികെ) | 3,57,500 | 36,000 |
| | ശ്രീവരാഹം | എണ്ണ,പൂവ്,തിരി,കർ പ്പൂരം എന്നിവ വിൽക്കു ന്നതിനുള്ള അവകാശം | 4,42,200 | 45,000 |
| ഉള്ളൂർ | ഒ.റ്റി.സി.ഹനുമാൻ | എണ്ണ,കർപ്പൂരം,സാമ്പ്രാ ണി,വെറ്റിലമല,നാരങ്ങാ മാല എന്നിവ വിൽക്കു ന്നതിനുള്ള അവകാശം | 38,50,000 | 4,00,000 |
| | പേരൂർ | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 16,50,551 | 1,66,000 |
| | ശാസ്തമംഗലം | പൂജാസാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 3,55,850 | 36,000 |

| | | | | |
|---|---|---|---|---|
| **വർക്കല** | **ശാർക്കര** | **പൂജാസാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം** | **13,48,601** | **1,35,000** |
| | **ശാർക്കര** | **കുറ്റിവെടി വയ്ക്കുന്ന തിനുള്ള അവകാശം** | **9,84,622** | **1,00,000** |
| **കൊല്ലം** | **തൃക്കടവൂർ** | **പൂമാലകെട്ടി വിൽ ക്കുന്നതിനുള്ള അവകാശം** | **11,55,000** | **1,15,500** |

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 2017-2018 സാമ്പത്തിക വർഷത്തെ എണ്ണ,തിരി,കർപ്പൂരം,തുടങ്ങിയ വിവിധ പൂജാദ്രവ്യങ്ങൾ ഗ്രൂപ്പ് തലത്തിൽ ഇ-ടെന്റർ നടത്തുന്നത് സംബന്ധിച്ച്.**

| ക്രമ നമ്പർ | ഗ്രൂപ്പ് | ദേവസ്വങ്ങൾ | മിനിമംക്വാട്ട് ചെയ്യേണ്ട തുക | ഇ.എം.ഡി |
|---|---|---|---|---|
| **1** | അമ്പലപ്പുഴ | വലിയകലവൂർ,ചെറിയകലവൂർ<br>മാടത്തുംകര, ചങ്ങംകരി<br>ചാലിനാരായണപുരം ,മുല്ലയ്ക്കൽ, കളർകോട്<br>കാമപുരം(വിഷ്ണുനട)<br>കാമപുരം (ദേവീ നട), പനയന്നാർക്കാവ്<br>ചേർത്തല, ചെങ്ങണ്ട, വല്ലാരിമംഗലം,<br>ചങ്ങംകരി, തേവലക്കാട്, അയ്യൻകോയിക്കൽ<br>ആനന്ദേശ്വരം, നവരാക്കൽ, തോട്ടപ്പള്ളി,<br>മുരുക്കുവേലി, ഇരട്ടകുളങ്ങര, വണ്ടാനം,<br>നീർക്കുന്നം, പുതുക്കുളങ്ങര, കൊറ്റംകുളങ്ങര,<br>തകഴി | **25,54,660** | **25,54,66** |
| **2** | വൈക്കം | ഉദയനാപുരം,കൂട്ടുമ്മേൽ,തൃപ്പക്കുടം,തോട്ടകം,<br>മാടപ്പള്ളി, ഇടയാഴം,പട്ടണക്കട്,ഉദയം പേരൂർ,<br>പൂത്തോട്ട, ഇളംകാവ്, പള്ളിയറക്കാവ്,ബ്രഹ്മമം<br>ഗലം,ഏനാദിമഠം, തിരുമൂഴിക്കുളം,<br>മുടക്കാരി,കുന്നപ്പള്ളി, വടക്കുന്നപ്പുഴ,<br>തിരുപുരം,കാർത്ത്യായനി,തൃച്ചാറ്റുകുളം,<br>മധുരക്കുളം, അരൂർ, ടി.വി പുരം,<br>സരസ്വതി,കേരളാദിത്യപുരം,കുമരംകോട്,<br>കീഴൂർ ഭഗവതി, ശാസ്താമങ്കാട്ട് കാവ്<br>കാരിക്കോട്,കാലാക്കൽ | **33,17,150** | **3,32,000** |
| **3** | മാവേലിക്കര | മാവേലിക്കര, കൊറ്റാർക്കാവ്, തിരു അവിം<br>കുന്നം, ചെറുകോൽ, ചാല, കണ്ണണംഗലം,<br>ശ്രീനാരായണപുരം, തട്ടാരമ്പലം, കടവൂർ,<br>മറ്റം, ഏരുവ, കൊയ്പ്പള്ളി കാരാണ്മ, | **23,45,310** | **2,35,000** |

| | | | | |
|---|---|---|---|---|
| 7 | | കരിമുട്ടം, കാട്ടുവള്ളി, തൃപ്പെരുന്തുറ, ഇരട്ടകുളങ്ങര, | | |
| 4 | ചങ്ങനാശ്ശേരി | പള്ളിയറക്കാവ്, ചങ്ങനാശ്ശേരിക്കാവ്, കുളത്തൂർ, വായ്പൂർ, കിഴക്കേടം,വാഴപ്പള്ളി, മോർക്കുളങ്ങര, മണികണ്ഠപുരം, വാകത്താനം,റാപ്പുഴ, മങ്കൊമ്പ്, മങ്കൊമ്പ്-ചെറുവള്ളിക്കാവ്, തെങ്ങണാൽ, ആയർക്കാട്ടു വയൽ, ആരമല,സചിവോത്തമപുരം, ചിറവംമുട്ടം, തൃക്കൊടിത്താനം, രാമങ്കരി, കുന്നങ്കരി , ഊരുക്കരി, വേഴപ്ര | 22,75,901 | 2,27,590 |
| 5 | കോട്ടയം | ചെങ്ങളം, പരിപ്പ്, പൂവൻകുളങ്ങര, വേട്ടയ്ക്കൊരുമകൻകാവ്, കുന്നുംപുറം അയ്മനം, പാണ്ഡവം, പൂന്തറക്കാവ്, കിളിരൂർ, പുതുതൃക്കോവിൽ,ചെറുവള്ളിക്കാവ്,മറിയപ്പള്ളി,കുമരകം ശാസ്താ, പുതിയകാവ്,മറിയപ്പള്ളിക്കാവ്,പാറപ്പാടം, തളിയിൽ,ചെറുകരക്കാവ്,കൊച്ചമ്പലം, ശിവൻ കോവിൽ,തോട്ടയ്ക്കാട്,യോഗീശ്വരം, മാവിളങ്ങ്,ചെറുവള്ളിക്കാവ്, വടവാതൂർ,പെരിങ്കള്ളൂർ,തേവർകുന്ന് വിജയപുരം,പൊയ്കമഠം | 19,53,616 | 1,95,740 |
| 6 | ആറൻമുള | ചെങ്ങന്നൂർ-തൃച്ചിറ്റാറ്റ്,കുന്നം,തൃക്കണ്ണാപുരം, പിഡി.ചെറിയനാട്,വലിയകോയിക്കൽ,തിരുമണിമംഗലം, കൈപ്പുഴ, ഓമല്ലൂർ, ചക്കുളം, ഉഴവത്ത്,മുരിങ്ങമംഗലം,വെട്ടൂർ,ഇളങ്ങവട്ടം, ചിറ്റൂർ,അയിരൂർപുതിയകാവ്,കാനീറ്റുകര, ചെരുകോൽ, നാരായണമംഗംലം, കാട്ടൂർ, ബുധനൂർ-പടിഞ്ഞാറ്റിൻചേരി,പുലിയൂർ, എണ്ണയ്ക്കാട്, എംബിരിയൻകാവ്, ഇലഞ്ഞിമേൽ,ഇലവുംതിട്ട,കോട്ടഗന്ധർവ്വമുറ്റം,പൂഴികുന്ന്, പന്നിപ്രയാർ,ഭഗവതിക്കാവ്, കുറുങ്ങരഴക്കാവ്,നെല്ലിക്കൽകാവ്,പുന്നംതോട്ടം,പാറമേൽ, റാന്നിരാമപുരം,റാന്നി പെരുനാട്.മാടമൺ,പത്തനംതിട്ട, മേക്കൊഴൂർ, കൊടുന്തറ, തൃപ്പാറ, തൃക്കോവിൽ, കുടമുക്ക്,ആറൻമുള-മൂർത്തിട്ട | 25,44,358 | 2,54,441 |
| 7 | തിരുവല്ല | പാലിയേക്കര, തൃക്കണ്ണാപുരം,മീന്തലക്കര, എഴുമറ്റൂർ- കണ്ണശ്ശതേവർ, എഴുമറ്റൂർ-ഏലമഹാദേവർ,എഴുമറ്റൂർ-പനമറ്റത്തുകാവ്, കവുങ്ങും പ്രയാർതൃക്ക,തുളിശ്ശാല,മഴുക്കീർ, | 4,23,393 | 42,339 |

| | | | | |
|---|---|---|---|---|
| | | തിരുവൻ- വണ്ടൂർ,<br>ഉമയാറ്റുകാവ്, ഇരമല്ലിക്കര,<br>പുലപ്പൂക്കാവ്, ചുമത്ര പടപ്പാട്ട്,തൃക്കുരട്ടി | | |
| **8** | പുനലൂർ | വൈകണ്ഠപുരം,പള്ളിയറ,അഞ്ചൽ,കടയ്ക്കൽ<br>തൃക്കോതേശ്വരം,കൈപ്പുഴ,ഏരൂർ,മാത്ര,<br>അഷ്ടമംഗലം,കരവാളൂർപടിഞ്ഞാറ്റിൻകര,<br>കടമാൻകോട്,അസുരമംഗലം,ആര്യകാവ്,കവല,<br>ഭരണിക്കാവ്,ശാസ്താംകോണം | **2,31,410** | **23,000** |

| | | | | |
|---|---|---|---|---|
| **9** | തൃക്കാരിയൂർ | രാമംഗലം, ഊട്ടുപുരഗണപതി, പിൻമറ്റം,<br>ഇരിങ്ങൂർ,ആല്പാറ,കീഴില്ലം,കൂട്ടുപുറം,<br>നേര്യമംഗലം,ശാന്തക്കാട്,തൃക്കാരിയൂർ<br>അറക്കുളം, അറക്കുളത്ത്കാവ്,ശരം കുത്തി,<br>തൃശ്ശൂലപുരം,ശാന്തക്കാട്,കോടനാട്,ശാന്തംപാറ | **7,72,076** | **77,200** |
| **10** | വർക്കല | കേളേശ്വരം, കുന്നത്ത്, തിരുവാറാട്ട്കാവ്,<br>നാവായിക്കുളം ,കീഴാറ്റിങ്ങൽ, പൊഴിക്കര, | **1,26,500** | **12,500** |
| **11** | മുണ്ടക്കയം | പാർത്ഥസാരഥി,പഴയപശ്ചിമ,ചെറുമല<br>പശ്ചിമ,കൊടുകപ്പലം,പെരുവന്താനം,<br>പാലൂർക്കാവ്,ഗണപതിയാർകോവിൽ,<br>മധുരമീനാക്ഷി,കീഴ്ക്കടമ്പ്,പുലിയന്നൂർക്കാട്,<br>ഇളംമ്പള്ളി,ചേനപ്പാടി,കരിക്കാട്ടൂർ, | **5,87,676** | **58,800** |
| **12** | കൊട്ടാരക്കര | പോരേടം,കൂത്താരടി,ചടയമംഗലം,ചിറക്കടവ്,<br>തൃക്കണ്ണമംഗൽ, മണ്ണടി, താമരക്കുടി,<br>പി.ഡിഏനാദിമംഗംലം, ഭരണിക്കാവ്, കടക്കു<br>ളം, മേലില, കിടങ്ങയിൽ, കോട്ടാത്തല,<br>തേവലപ്പുറം,അരുതൃക്കോവിൽ,മണ്ണൂർക്കാവ്,<br>കണ്ണങ്കരകളരി,കുണ്ടയത്തുകാവ്,ഉമ്മന്നൂർ,<br>വെളിനെല്ലൂർ,വെട്ടിക്കവല | **4,91,112** | **49,000** |
| **13** | ഹരിപ്പാട് | തിരുവിലഞ്ഞാൽ,തെക്കൻകാവ്കുളങ്ങര<br>പാതിരംകുളങ്ങര, കരുവാറ്റകുളങ്ങര,<br>കന്യാട്ടുകുളങ്ങര,പത്തിയൂർ, തൃപ്പക്കുടം<br>വിയപുരം,വാത്തുകുളങ്ങര,പായിപ്പാട്,<br>നങ്ങ്യാർകുളങ്ങര,നഗരി,ഏവൂർ,വെട്ടികുളങ്ങര,<br>മണിമംഗലം,വലിയകുളങ്ങര, പാണ്ഡവർകാവ്<br>കരുണാമുറ്റം,രാമപുരം, | **14,30,826** | **1,43,100** |

| | | | | |
|---|---|---|---|---|
| **14** | കരുനാഗപ്പള്ളി | തഴവ, പുതിയകാവ്,പുലിയൻകുളങ്ങര ശാസ്താംകോട്ട,ഭരണിക്കാവ്,ആദിനാട്, വെട്ടിക്കാട്, കണത്താർകുന്നം,തേവലക്കര, പാവുമ്പ,കണ്ണേറ്റി,കുറുമ്പക്കര,കൃഷ്ണപുരം, പള്ളിയ്ക്കൽ പുന്തലവീട്,കാമൻകുളങ്ങര, നെടിയാണിക്കൽ,ചിറക്കൽ,കുമംചിറ,കണ്ണനാം കുഴി,ചെറുമൺ,പള്ളിപ്പുറം | **15,39,598** | **1,53,000** |
| **15** | പറവൂർ | മന്നം, നന്ദികുളങ്ങര, മാർക്കണ്ഠേശ്വരം, ആലുവകൃഷ്ണസ്വാമി, പാട്ടുപുരയക്കൽ. കുമാരപുരം, നീലീശ്വരം, അണ്ടിപ്പിള്ളിക്കാവ്, തിരുവാലൂർ, ഇരവിപുരം, തിരുമൂഴിക്കുളം, ഇളന്തിക്കര, ഈശ്വാനിമുറ്റം, കോതകുളങ്ങര, വെബ്ളിയം, മുക്കന്നൂർകൂട്ടാല, പുത്തൂർപ്പിള്ളി, മധുവിൻമേൽ, തോന്ന്യകാവ്, കുടിയൻകുളങ്ങര, | **13,98,000** | **70,000** |
| **16** | തിരുവനനന്ത പുരം | ചിലന്തിവല, തേക്കേതെരുവ്, നർമ്മദേശ്വരം,ചെന്തിട്ട, ശംഖുമുഖം, മണക്കാട്, കോവിൽവിള, മിത്രാനന്ദപുരം, വേട്ടയ്ക്കൊരുമകൻ, വലിയശാല, പാൽകുളങ്ങര,പുന്നപുരം,കമ്മട്ടം,പുത്തൻചന്ത | **12,22,635** | **1,20,000** |
| **17** | കൊല്ലം | ആനന്ദവല്ലീശ്വരം, പരിമണം, വള്ളിക്കീഴ്, കൊല്ലൂർവിള, ലക്ഷ്മിനട, ചിറ്റിടീശ്വരം, ചിന്താദുരൈ,വിനായകർ,രാമേശ്വരം, ആലാട്ടുകാവ്,മണലിൽ,മുഖത്തല,കണ്ണനല്ലൂർ, ഉമയനെല്ലൂർ,ആശ്രമം,പുതിയകാവ്,ശ്രീനാരായണപുരം,കാഞ്ഞിരകോടി,വെള്ളിമൺ, ചിറ്റുമല,കൊടുവിള,തൃക്കടവൂർ,ശാസ്തോലി, പനയ്ക്കതൊടി,കൊറ്റംകുളങ്ങര,പയ്യലക്കാവ്, കൊടുംതുരുത്തി,തിരുമുല്ലവാരം,വിഷ്ണുവത്ത് കാവ്, | **13,05,871** | **1,30,000** |
| **18** | നെയ്യാറ്റിൻകര | വിളപ്പിൽശാല,തച്ചോട്ടുകാവ്,പൊട്ടൻകാവ്, കൂട്ടപ്പന,വീരചക്രം,അരങ്ങൽ,തിരുപുറം,അരുവല്ലൂർ,ഒറ്റശേഖരമംഗലം,ആകോട്,രാമേശ്വരം, തിരുനാരായണപുരം,തൃക്കണ്ണപുരം,ദേവേശ്വരം,വീരണകാവ്,മങ്കാരമുട്ടം,പെരുംകുളത്തൂർ,പൊഴിയൂർ,ഭരധ്വാജജ്ഞഷീശ്വരം,എരുത്താവൂർ,വെങ്ങാനൂർ,ഐത്തിയൂർ,തളിയാദിച്ചപുരം,നിറമൺകര, വെമ്പന്നൂർ, കണ്ഠൻശാസ്താ, ചെറുബാലമന്ദം, വേവിള, നമ്പ്യാർമൂല, അരങ്ങൾകണ്ഠൻ ശാസ് താ, തൃ | **6,80,720** | **6,80,00** |

| | | | | |
|---|---|---|---|---|
| | | ക്കുളങ്ങര, കുറുംകുട്ടി, കുടിശ്ശിഖവിള, മുര്യകര, ചെഴുങ്ങാനൂർ, തൃപ്പലവൂർ, മാണിനാട്,പരശുവയ്ക്കൽ,തിരുനെല്ലൂർശാല,ആനന്ദേശ്വരംവലിയതൃക്കോവിൽ, കുളപ്പട, | | |
| **19** | ഉള്ളൂർ | ഉള്ളൂർ,അരുവിക്കര,പാളയംവിനായകർ, രാജരാജരാശ്വരി,കാവല്ലൂർക്കോണം, പിരപ്പൻകോട്,മാണിക്കോട്,തിരുനെല്ലൂർക്കോണം,കോയിക്കൽപഴവടി,കുറ്റ്യാണി, തുരുത്തിപ്പള്ളി,അണിയൂർ,കേളമംഗലം, തൃപ്പാദപുരം,കപാലീശ്വരം, ഗൗരീശപട്ടം,വലിയഉദിയാദിച്ചപുരം,തിരിച്ചിറ്റൂർ,കുന്നം, വഴയില, ഏണിക്കര, കുന്നൂർക്കൽ, കുളങ്ങര | **14,05,941** | **1,45,000** |

**ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ അധികാര പരിധിയിൽപ്പെടുന്നതും, ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ അടിസ്ഥാന ലേല തുക നിശ്ചയിച്ചിട്ടുള്ളതുമായ ഇനങ്ങളുടെ വിവരം**

| | | | | |
|---|---|---|---|---|
| **1** | | **ചങ്ങനാശ്ശേരി** | | |
| | ദേവസ്വം | കുത്തക ഇനങ്ങൾ | മിനിമം ക്വാട്ട് ചെയ്യേണ്ട തുക | ഇ.എം.ഡി |
| | വാഴപ്പള്ളി | ക്ഷേത്ര നടയിൽ എറിഞ്ഞ് ഉടക്കുന്ന നാളികേരം എടുക്കുന്നതിനുള്ളഅവകാശം | **1,29,800** | **12,980** |
| **2** | | **കോട്ടയം** | | |
| | തിരുനക്കര സബ്ഗ്രൂപ്പ് പുതിയതൃക്കോവിൽ | എണ്ണ,കർപ്പൂരം ,സാമ്പ്രാണി | **2,64,400** | **26,400** |
| | തിരുനക്കര | മാലകൾ കെട്ടി വിൽക്കുന്നതിനുള്ള അവകാശം | **2,07,800** | **20,800** |
| | പരിപ്പ് | എണ്ണ,കർപ്പൂരം,സാമ്പ്രാണി | **1,65,150** | **16,500** |
| | ചെങ്ങളം | എണ്ണ,കർപ്പൂരം,സാമ്പ്രാണി | **2,32,250** | **23,200** |
| | അയ്മനം | എണ്ണ,കർപ്പൂരം,സാമ്പ്രാണി | **3,05,800** | **30,500** |
| | കിളിരൂർ | എണ്ണ,കർപ്പൂരം,സാമ്പ്രാണി | **1,43,000** | **14,300** |
| | പാറപ്പാട | എണ്ണ,കർപ്പൂരം,സാമ്പ്രാണി | **2,16,700** | **21,600** |
| **3** | | **അമ്പലപ്പുഴ** | | |

| | | | | |
|---|---|---|---|---|
| | അമ്പലപ്പുഴ | പാർക്കിംഗ് ഗ്രൗണ്ട് (കിഴക്ക് വശം) | **1,11,100** | **11,110** |
| | | സത്രം കോമ്പൗണ്ട് പാർക്കിംങ്ങ് | **1,10,000** | **11,000** |
| **4** | | **തിരുവല്ല** | | |
| | കുരട്ടി | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | **1,00,650** | **12,000** |
| **5** | | **ആറൻമുള** | | |
| | വലിയകോയിക്കൽ | നീരാഞ്ജ്ജന ശിഷ്ടം നാളികേരം എടുക്കുന്നതിനുള്ളഅവകാശം | **1,34,200** | **13,420** |
| | മുരിങ്ങ മംഗലം | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | **1,84,470** | **18,447** |
| | ആറൻമുള | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | **2,99,750** | **29,975** |
| | മലയാലപ്പുഴ | തുലാഭാര ഇനത്തിൽ വരവുള്ള പഴക്കുലകൾ എടുക്കുന്നതിനുള്ള അവകാശം | **1,22,573** | **12,257** |
| | മലയാലപ്പുഴ | പേയ് ആന്റ് യൂസ് ലാട്രിൻ കോംപ്ളക്സ് | **1,44,210** | **14,421** |
| | മലയാലപ്പുഴ | തൃമധുര സാധനങ്ങൾ | **2,00,200** | **20,020** |
| | തൃപ്പാറ | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | **1,34,200** | **13,420** |
| | പത്തനംതിട്ട | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | **1,31,769** | **13,177** |
| | പത്തനംതിട്ട | നീരാഞ്ജ്ജന ശിഷ്ടം നാളികേരംഎടുക്കുന്നതിനുള്ളഅവകാശം | **1,68,372** | **16,900** |
| **6** | | **ഏറ്റുമാനൂർ** | | |
| | ളാലം | എണ്ണ,കർപ്പൂരം,സാമ്പ്രാണി | **2,66,200** | **26,620** |
| | ഇടയാറ്റുകാവ് ഗണപതി | എണ്ണ,കർപ്പൂരം,സാമ്പ്രാണി | **1,22,134** | **12,220** |
| | കരികുളങ്ങര | എണ്ണ,കർപ്പൂരം,സാമ്പ്രാണി | **1,00,761** | **10,080** |
| | കാളികാവ് | എണ്ണ,കർപ്പൂരം,സാമ്പ്രാണി | **1,66,266** | **16,630** |
| | മോനിപ്പള്ളി | എണ്ണ,കർപ്പൂരം,സാമ്പ്രാണി | **1,67,476** | **16,750** |
| | ഞീഴൂർ | എണ്ണ,കർപ്പൂരം,സാമ്പ്രാണി | **1,43,551** | **14,360** |
| | മുടിയൂർക്കര | എണ്ണ,കർപ്പൂരം,സാമ്പ്രാണി | **1,79,411** | **17,940** |
| **7** | **പുനലൂർ** | | | |
| | കമുകിൻ ചേരി | എണ്ണ,കർപ്പൂരം,സാമ്പ്രാണി | **1,17,451** | **11,745** |
| **8** | | **മാവേലിക്കര** | | |
| | മാവേലിക്കര | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | **1,25,400** | **13,000** |
| | കണ്ടിയൂർ | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | **3,11,300** | **32,000** |
| | പുതിയിടം | ഉടയ്ക്കുന്ന നാളികേരം എടുക്കുന്നതിനുള്ളഅവകാശം | **1,66,100** | **17,000** |
| | | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവ | **1,22,375** | **13,000** |

| | | | | |
|---|---|---|---|---|
| | | കാശം | | |
| **9** | | **തിരുവനന്തപുരം** | | |
| | ശ്രീകണ്ഠേശ്വം | നീരാഞ്ജന ശിഷ്ടം നാളികേരം,ഏറ് നാളി കേരം,നാളികേരം,കരിക്ക്, എന്നിവ വിൽക്കുന്നതിനുള്ള അവകാശം | **1,14,510** | **11,500** |
| | വട്ടവിള കുശക്കോട് സബ്ഗ്രൂപ്പ് | നീരാഞ്ജന ശിഷ്ടം നാളികേരം എടു ക്കുന്നതിനുള്ള അവകാശം | **1,14,741** | **11,475** |
| | വേട്ടയ്ക്കൊരു മകൻ | നീരാഞ്ജന ശിഷ്ടം നാളികേരം എടു ക്കുന്നതിനുള്ള അവകാശം, മണ്ഡല പൂജയോടനുബന്ധിച്ച് കളമെഴുത്തും പാട്ടിനോടൊപ്പം തേ ങ്ങഏറ് നാളികേരം) | **1,04,170** | **10,500** |
| | മണക്കാട് | നീരാഞ്ജന ശിഷ്ടം നാളികേരം എടു ക്കുന്നതിനുള്ള അവകാശം | **1,036,00** | **10,400** |
| | തിരുവല്ലം | പുള്ളവൻ പാട്ട് | **1,23,110** | **12,315** |
| **10** | | **പറവൂർ** | | |
| | ആലുവമഹാദേവർ | ലാട്രിൻ കോംപ്ളക്സ് | **1,44,100** | **14,500** |
| | കണ്ണൻകുളങ്ങര | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | **2,70,820** | **27,100** |
| | മൂകാംബി | പുറത്ത് ഗണപതി നടയിൽ എറിഞ്ഞ് ഉടയ്ക്കുന്ന നാളികേരം | **2,01,300** | **20,200** |
| **11** | | **കൊല്ലം** | | |
| | ആനന്ദവല്ലീശ്വരം | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | **2,31,137** | **23,000** |
| | ശക്തികുളങ്ങര | നീരാഞ്ജന ശിഷ്ടം നാളികേരം എടുക്കുന്നതിനു ള്ള അവകാശം | **2,00,200** | **20,000** |
| | രാമേശ്വരം | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | **1,05,600** | **10,500** |
| | മണലിൽ | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | **99,111** | **9,000** |
| | മുഖത്തല | അർച്ചനപ്രസാദത്തിൽപഴം,വെണ്ണ, വെറ്റില,തൃമധുരം എന്നിവ വിൽക്കുന്ന തിനുള്ള അവകാശം | **2,32,222** | **23,000** |
| | | മാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | **3,00,300** | **30,000** |
| | ആശ്രാമം | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | **2,12,025** | **21,000** |

| | | | | |
|---|---|---|---|---|
| | | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | **1,11,100** | **11,000** |
| | കോയിക്കൽ | നീരാഞ്ജ്ജന ശിഷ്ടം നാളികേരം എടുക്കുന്നതിനുള്ള അവകാശം | **1,38,050** | **13,800** |
| | കൊല്ലൂർവിള | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | **1,44,210** | **14,400** |
| | തൃക്കടവൂർ | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | **2,15,050** | **21,500** |
| | കൊറ്റം കുളങ്ങര | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | **2,33,200** | **23,000** |
| | | നീരാഞ്ജ്ജന ശിഷ്ടം നാളികേരം എടുക്കുന്നതിനു ള്ള അവകാശം | **1,38,050** | **13,800** |
| **12** | | **നെയ്യാറ്റിൻകര** | | |
| | കേളേശ്വരം | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | **1,50,570** | **15,000** |
| | പാറശ്ശാല | പൂജാദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | **2,34,850** | **24,000** |
| **13** | | **ഉള്ളൂർ** | | |
| | തിരിച്ചിറ്റൂർ | ഏറ് നാളികേരം എടുക്കുന്നതിനുള്ള അവകാശം | **1,19,350** | **11,935** |
| | പേരൂർ | ഏറ് നാളികേരം എടുക്കുന്നതിനുള്ള അവകാശം | **1,00,100** | **91,000** |
| | ഗൗരീഷപട്ടം | കൂവള മാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | **99,111** | **90,10** |
| **14** | | **കൊട്ടാരക്കര** | | |
| | അറുകാലിക്കൽ | പൂമാല കെട്ടി വിൽക്കുന്നതിനുള്ള അവകാശം | **1,27,380** | **12,378** |

| ടെൻഡറുകൾ പരിശോധിക്കുന്ന തീയതികൾ | | | |
|---|---|---|---|
| ജില്ലാ ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ് | ഗ്രൂപ്പുകൾ | തീയതി | ടെൻഡർ തുറന്ന് പരി ശോധിക്കുന്ന സ്ഥലം |
| തിരുവനന്തപുരം | നെയ്യാറ്റിൻകര,തിരുവനന്തപുരം, ഉള്ളൂർ, വർക്കല, കൊല്ലം | 10.03.2017 | ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ് തിരുവനന്തപുരം |
| ഹരിപ്പാട് | കരുനാഗപ്പള്ളി, അമ്പലപ്പുഴ, ചങ്ങനാശ്ശേരി, മാവേലിക്കര, ഹരിപ്പാട് | 10.03.2017 | ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ് ഹരിപ്പാട് |
| വൈക്കം | കോട്ടയം, ഏറ്റുമാനൂർ, വൈക്കം, പറവൂർ, തൃക്കാരിയൂർ | 14.03.2017 | ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ് വൈക്കം |
| പത്തനംതിട്ട | പുനലൂർ, കൊട്ടാരക്കര, തിരുവല്ല, മുണ്ടക്കയം, ആറന്മുള | 15.03.2017 | ദേവസ്വം ബിൽഡിംഗ് കൊട്ടാരക്കര |

**ROC No. 2356 /17 /NS2**

ദേവസ്വം കമ്മീഷണർ ആഫീസ്
നന്തൻകോട്, തിരുവനന്തപുരം - 3
തീയതി :**28/02/2017**

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**